**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5094** **04-07-2024 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ എല്ലാ സ്കൂളുകളെയും ഭിന്നശേഷി സൗഹൃദമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (എ) | **ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ അക്കാദമിക പിന്തുണ നൽകി വരുന്നു. വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദ പരമാണ്. കെട്ടിടങ്ങളിൽ റാംബ് & റെയിൽ ഘടിപ്പിച്ചിട്ടുണ്ട്. ഭിന്നശേഷി കുട്ടികൾക്കായി വിദ്യാലയങ്ങളിൽ അഡാപ്റ്റഡ് ടോയ്ലറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.**<br><br>**സർക്കാർ സ്കൂളുകളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു ബാരിയർ ഫ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. എന്നാൽ, ആറ്റിങ്ങൽ മണ്ഡലത്തിലെ സ്കൂളുകളെ ബാരിയർ ഫ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല.** |

സെക്ഷൻ ഓഫീസർ